(സി) ഇതിൽ ഈ വർഷം ആർക്കും തന്നെ ധനസഹായം നൽകിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

## ബാർബർ തൊഴിലാളികൾ

268 [582] ശ്രീ. കെ. പി. പ്രഭാകരൻ;
,, കെ. ടി. കണാരൻ;
,, കെ. ആർ. ചന്ദ്രമോഹനൻ;
,, എം. കെ. കേശവൻ;
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നമ്മുടെ സംസ്ഥാനത്തൊട്ടാകെ ആകെയുള്ള ബാർബർ തൊഴിലാളികൾ എത്ര;

(ബി) ബാർബർ തൊഴിലാളികളുടെ സംഘടന എന്തെങ്കിലും നിവേദനം അടുത്തകാലത്ത് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ബാർബർ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ഉദ്ദേശം 19,452 തൊഴിലാ ണ്ട്.

(ബി & സി) 1982, 1983, 1984 എന്നീ കാലഘട്ടങ്ങളിൽ പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലത്തായി സമർപ്പിച്ചിട്ടുള്ള നിവേദനം 5-1-1985-ലേതാണ്. അതിലെ ആവശ്യം ബാർബർ തൊഴിലാളികളെ സംരക്ഷിച്ചു സഹായിക്കുവാനുള്ള ബഹു. ധനകാര്യ മന്ത്രി ഗവൺമെന്റ് ഏറെറടുത്ത് നടപ്പാക്കി സഹായിക്കണമെന്നാണ്.

(ഡി) പ്രത്യേകിച്ച് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

## കോഫി ക്യൂറിംഗ് ഫാക്ടറികളിലെ തൊഴിലാളികൾക്കു മിനിമം വേജസ്

269 [584] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര കോഫി ക്യൂറിംഗ് ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly